BSNLEU

# BSNL EMPLOYEES UNION

(Regd. under Indian Trade Union Act 1926. Regn. No. 4896)

KERALA CIRCLE

P&T House, Thiruvananthapuram 695001.

സർക്കുലർ നമ്പർ: 55/2018-20 12-09-2019

To

സർക്കിൾ ഭാരവാഹികൾ/ജില്ലാ സെക്രട്ടറിമാർ

## പ്രചരണം അന്തിമ ഘട്ടത്തിലേക്ക്
## മുഴുവൻ വോട്ടും പോൾ ചെയ്യിക്കുക.

സഖാവെ,

എട്ടാമത് റഫറണ്ടത്തിന് ഏതാനും ദിവസങ്ങൾ മാത്രം. തിരഞ്ഞെടുപ്പ് പ്രചരണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലേക്ക് നീങ്ങുകയാണ്. മുഴുവൻ വോട്ടർമാരെയും ഇനിയുള്ള ദിവസങ്ങളിൽ നേരിട്ട് കാണാനും നമുക്കനുകൂലമായി വോട്ടു ചെയ്യിക്കാനുമുള്ള പ്രവർത്തനങ്ങൾ ശക്തമായി നടത്തണം. ബൂത്ത് കമ്മിറ്റികൾ അവസാനവട്ട പ്രവർത്തനങ്ങൾ വിലയിരുത്തണം. നേരിട്ട് കാണേണ്ടവരെ മാർക്ക് ചെയ്ത് ഇനിയുള്ള ദിവസങ്ങളിൽ വീടുകളിൽ പോയി കാണണം. എക്സ്ചേഞ്ച്/ഓഫീസ് സ്ക്വാഡ് വർക്കുകൾ പൂർത്തിയായിക്കഴിയുമ്പോൾ കാണാൻ കഴിയാതിരുന്നവരെ നേരിട്ട് ബന്ധപ്പെടണം.

* പോളിങ് ഏജന്റ്, റിലീഫ് ഏജന്റ്, കൗണ്ടിംഗ് ഏജന്റ് എന്നിവരുടെ പേര് നൽകേണ്ടതാണ്.
* നമ്മുടെ അംഗങ്ങളുടെ എല്ലാ വോട്ടും ചെയ്യിക്കാൻ ശ്രമിക്കണം.
* അന്നേദിവസം ടൂർ, മറ്റ് യാത്രകൾ എന്നിവ നിശ്ചയിച്ചവരുണ്ടെങ്കിൽ അത് മാറ്റിവെക്കാൻ ആവശ്യപ്പെടണം.
* ഗുരുതരമായ രോഗം പിടിപെട്ട് ചികിത്സയിലിരിക്കുന്ന ജീവനക്കാരെയും പോളിങ് ബൂത്തുകളിൽ നിന്നും വളരെ അകലെയുള്ള ഓഫീസുകളിൽ ജോലിചെയ്യുന്ന ജീവനക്കാരെയും വാഹനത്തിൽ എത്തിച്ച് വോട്ട് ചെയ്യിക്കുകയും തിരിച്ചെത്തിക്കുകയും ചെയ്യണം. പോളിംഗ് ബൂത്ത് താഴത്തെ നിലയിലാക്കുന്നതാണ് നല്ലത്. ബൂത്ത് മുകളിലത്തെ നിലയിലാണെങ്കിൽ മേലെ കയറാൻ കഴിയാത്തവർക്ക് താഴെ പ്രിസൈഡിംഗ് ഓഫീസർ വന്ന് ബാലറ്റ്നൽകി വോട്ട് ചെയ്യിക്കാൻ ആവശ്യപ്പെടണം.
* ബൂത്ത് കമ്മിറ്റി കൺവീനർമാരുടെയും, ചെയർമാൻ, മറ്റംഗങ്ങൾ എന്നിവരുടെയും യോഗം വിളിച്ചുചേർത്ത് അന്തിമ വിശകലനം നടത്തി അവസാനത്തെ വോട്ടുപോലും ഉറപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യണം.
* മറ്റ് സംഘടനകളിൽപ്പെട്ടവരെയും നമുക്കനുകൂലമായി വോട്ടുചെയ്യുമെന്ന് പ്രതീക്ഷിക്കുന്നവരെയും വീണ്ടും കാണണം. നല്ല സമ്മർദ്ദം ചെലുത്തണം.
* ബൂത്ത് കൺവീനർമാരുടെ യോഗത്തിനുശേഷം പതിനാലാം തീയതി എല്ലാ ജില്ലാസെക്രട്ടറിമാരും കണക്ക് നൽകണം.

| | |
|---|---|
| ബൂത്തുകളുടെ എണ്ണം | : |
| ആകെ വോട്ടുകൾ | : |
| BSNLEU വിന് ലഭിക്കുന്ന വോട്ട് | : |
| വോട്ടുചെയ്യാൻ സാധ്യതയില്ലാത്ത നമ്മുടെ അംഗങ്ങൾ | : |
| ഓരോ സംഘടനക്കും ലഭിക്കുന്ന വോട്ട് | : |
| BSNLEU | : |
| NFTE | : |
| BTEU | : |
| മറ്റ് വിഭാഗങ്ങൾ | : |

* RTTC, അതുപോലെ മറ്റ്ട്രെയിനിംഗ് സെന്ററുകളിൽ ഉള്ളവർക്കും, ടെമ്പററി ട്രാൻസ്ഫറിൽ ഉള്ളവർക്കും പോസ്റ്റൽ വോട്ട് അയച്ചുകൊടുത്തു എന്നുറപ്പുവരുത്തണം.
* ട്രെയിനിംഗ് സെന്ററിലുള്ള എസ്.എസ്.എ.യിലെ ഒരു സഖാവിനെ ബന്ധപ്പെട്ട്, ചുമതല നൽകി പോസ്റ്റൽ ബാലറ്റ് ലഭിച്ചു എന്നും തിരിച്ചയച്ചു എന്നും ഉറപ്പുവരുത്തണം.
* ബാലറ്റ്പേപ്പറിന്റെ പിന്നിൽ പ്രിസൈഡിംഗ് ഓഫീസറുടെ ഒപ്പുണ്ടായിരിക്കണം. അത് പരിശോധിക്കണം.
* വോട്ട് ചെയ്യാൻ ഐഡന്റിറ്റി കാർഡോ, അല്ലെങ്കിൽ എസ്.ഡി.ഇ. മാർ സർട്ടിഫൈ ചെയ്തു നൽകുന്ന കത്തോ ആവശ്യമാണ്.
* ചില ജില്ലകളിൽ അസംബ്ളി ഇലക്ഷൻ നടക്കുവാനുള്ളതിനാൽ മഷി പുരട്ടുന്നത് ഇടതു കയ്യിലെ നടുവിരലിലായിരിക്കും.
* വോട്ട് ചെയ്യുന്നതിനായി ജീവനക്കാർക്ക് അരദിവസമോ, ആവശ്യമെങ്കിൽ ഒരു ദിവസമോ കാഷ്വൽ ലീവ് അനുവദിക്കുന്നതാണ്.
* പോളിങ് ഏജന്റുമാർക്ക് ഒരു ദിവസത്തെ കാഷ്വൽ ലീവ് നൽകും.
* രാവിലെ 9 മുതൽ വൈകുന്നേരം 5 മണിവരെയാണ് പോളിങ് സമയം. അഞ്ചു മണിവരെ ക്യൂവിലുള്ളവർക്ക് വോട്ടു ചെയ്യാവുന്നതാണ്.
* 2019 സെപ്തംബർ 2 ന്റെ ഉത്തരവുപ്രകാരം ആകെ വോട്ടർമാരുടെ എണ്ണം ദേശീയ തലത്തിൽ 110977 ഉം, കേരളത്തിൽ 6487 ഉം ആണ്.

സഖാക്കളെ,

ഏറെ വെല്ലുവിളികൾ നേരിടുന്ന സന്ദർഭത്തിലാണ് എട്ടാമത് റഫറണ്ടം. നമ്മുടെ അംഗസംഖ്യയേക്കാൾ വോട്ടു കുറയുന്ന പ്രവണത ഈ തെരഞ്ഞെടുപ്പിലെങ്കിലും ഒഴിവാക്കപ്പെടണം. മുഴുവൻ വോട്ടും നമുക്കനുകൂലമാക്കാനുള്ള അവസാനഘട്ട പ്രവർത്തനങ്ങൾ വിശ്രമരഹിതമായി നടത്തണം.

അഭിവാദനങ്ങളോടെ,



**സി.സന്തോഷ് കുമാർ**

സർക്കിൾ സെക്രട്ടറി.